# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3211 | 14.03.2018 ൽ മറുപടിക്ക്

**ഓപ്പറേഷൻ കുബേര**

**ചോദ്യം**

ശ്രീ.അനിൽ അക്കര

(എ) മുൻസർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര മന്ദീഭവിച്ചത് കാരണം ബ്ലെയ്ഡ് മാഫിയയുടെ അതിക്രമം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓപ്പറേഷൻ കുബേര മന്ദീഭവിപ്പിക്കുവാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്ത് അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനമെന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയത് മൂലം സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരുടെ അതിക്രമം 2015, 2016 വർഷങ്ങളിൽ വളരെയധികം കുറഞ്ഞുവെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത പദ്ധതി ഊർജ്ജിതമാക്കി ബ്ലെയ്ഡ് മാഫിയയുടെ അതിക്രമത്തിൽ നിന്നും സാധാരണക്കാരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനം വിജയകരമായിരുന്നു എന്ന് വിലയിരുത്തിയിട്ടില്ല. ബ്ലെയ്ഡ് മാഫിയയുടെ അതിക്രമം വർദ്ധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ബ്ലെയ്ഡ്, കൊള്ള പ്പലിശക്കാരുടെ അതിക്രമം എന്നിവ തടയുന്നതുമായി ബന്ധപ്പെട്ട് 2015, 2016, 2017 വർഷം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| 2015 | 2016 | 2017 |
|---|---|---|
| 606 | 189 | 203 |

(ബി) കൊള്ളപ്പലിശക്കാർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചാൽ, Money Lenders Act, Kerala Prohibition of Charging Exorbitant Interest Act-2012, ഇന്ത്യൻ ശിക്ഷാ നിയമം എന്നിവ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ശാസ്ത്രീയമാർഗ്ഗങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി നിയമാനുസൃതമായ ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകിരിക്കുന്നത്.

(സി) നിലവിൽ അമിത പലിശയ്ക്ക് പണം കൊടുക്കുന്ന ആളുകൾ ആയത് തിരിച്ച് വാങ്ങുന്നതിനായി നടത്തുന്ന ശ്രമങ്ങളും അതിനോടനുബന്ധിച്ചുള്ള അതിക്രമങ്ങളും കുറഞ്ഞിട്ടുള്ളതാണ്. ലഭ്യമാകുന്ന വിവരങ്ങളുടേയും പരാതികളുടേയും അടിസ്ഥാനത്തിൽ നിലവിലും അമിത പലിശക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.